തിരുവനന്തപുരം ജില്ലയിൽ എക്സൈസ് വകുപ്പിൽ ഗാർഡ് നിയമനം

47 [2656] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എക്സൈസ് വകുപ്പിൽ ഗാർഡ് നിയമനത്തിനുവേണ്ടി പി. എസ്. സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോഴും എത്ര ഒഴിവുകളുണ്ട്; അവ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കും മുമ്പ് എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ട നിയമനാധികാരിക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ 143 പേർക്ക് എക്സൈസ് ഗാർഡ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ 15 ഒഴിവുകൾ നിലവിലുണ്ട്. ആയതിൽ 5 ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി 10 ഒഴിവുകൾ എസ്. സി./എസ്. റ്റി. വിഭാഗത്തിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നടത്തുന്നതിനായി സംവരണം ചെയ്തിട്ടുള്ളതാണ്.

(സി) ഉണ്ടാകുന്ന ഒഴിവുകളെല്ലാം തന്നെ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ ലേലം ചെയ്യാൻ നടപടി

48 [2657] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അബ്കാരി കേസുകളുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലെടുത്തിട്ടുള്ള വാഹനങ്ങൾ കേസുകൾക്കുശേഷം ലേലം ചെയ്തു നൽകാറുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര രൂപ ഈയിനത്തിൽ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 4,76,50,524 രൂപ (നാലു കോടി എഴുപത്തിയാറു ലക്ഷത്തി അൻപതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തിനാല് രൂപ) ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly